Draft #2 of File 14899/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Jun-2020 04:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് - എം ഫിൽ പ്രവേശന നടപടികൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി 30.07.2020 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2863/AC A 1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 26.06.2020

---

*പരാമർശം:*-1. Notification No. Ac A1/2/1505/2019 dtd. 06.12.2019

2. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് മേധാവിയുടെ 03.06 .2020 ലെ കത്ത് നം.SCS/MPhil / 1/2020

**ഉത്തരവ്**

സർവകലാശാല പഠന വകുപ്പുകളിൽ 2019 - 20 -ലേക്കുള്ള എം.ഫിൽ പ്രോഗ്രാമുകളുടെ പ്രവേശന വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം നടപടികൾ പൂർത്തീകരിക്കേണ്ട അവസാന തീയതി 30.03.2020 ആയിരുന്നു.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.ഫിൽ പ്രവേശനം 12.03.2020 -ൽ നടത്തുവാൻ തീരുമാനിച്ചിരുന്നെങ്കിലും, സംസ്ഥാനത്ത് COVID 19 മഹാമാരി പടർന്നു പിടിക്കുകയും തുടർന്ന് ലോക് ഡൗൺ പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ എം.ഫിൽ പ്രവേശന നടപടികൾ മാറ്റിവച്ചിരുന്നുവെന്നും, പ്രവേശനം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനു നിർദേശങ്ങൾ നൽകണമെന്നും അറിയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം വകുപ്പ് മേധാവി കത്ത് നൽകുകയുണ്ടായി.

ആയത് പരിഗണിച്ച്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2019 - 20 വർഷത്തെ എം.ഫിൽ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി 30.07.2020 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്
2. വി.സി./ പി.വി.സി എന്നിവരുടെ പി.എസ് മാർ
3.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ.
3.എസി.എ4/എസി.എ 5/ CSS സെക്ഷൻ
4.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/എൻക്വയറി
5.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 14899/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 26-Jun-2020 04:07 PM - Page 2